**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1038** **30-06-2022 - ൽ മറുപടിയ്ക്ക്**

**അംഗൻവാടിക്ക് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ പഞ്ചായത്തുകളിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലത്ത് അംഗൻവാടി നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അധിക വിവരം നൽകണമെന്നാവശ്യപ്പെട്ട് സർക്കാർ നൽകിയിരിക്കുന്ന കത്തിന് മറുപടി നൽകിയിട്ടുണ്ടോ; മറുപടി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഒരു അംഗൻവാടിക്ക് കുറഞ്ഞത് എത്ര സ്ഥലം ആവശ്യമായി വരും എന്നത് സംബന്ധിച്ച് വ്യക്തതയ്ക്കുവേണ്ടിയാണ് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്. ഇതു സംബന്ധമായ വിവരത്തിനായി ചീഫ് എഞ്ചിനീയർ വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് 13.06.2022-ൽ കത്ത് നൽകിയിട്ടുണ്ട്. മറുപടി സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (സി) | മേൽ സൂചിപ്പിച്ച പഞ്ചായത്തുകളിൽ എം.വി.ഐ.പി യുടെ അധീനതയിൽ വെറുതെ കിടക്കുന്ന സ്ഥലം നിബന്ധനകൾക്ക് വിധേയമായി അംഗൻവാടി നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിഷയത്തെ സംബന്ധിച്ച് വ്യക്തത വനിത ശിശു വികസന വകുപ്പിൽനിന്നും ലഭ്യമാകേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ